# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.101 | 04.12.2014 ൽ മറുപടിയ്ക്ക്

### സപ്ലൈകോ ഷോപ്പുകളിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ

**ചോദ്യം**

ശ്രീമതി. ജമീല പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. സി.കെ.നാണു

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം തടയുന്നതിന് പൊതുവിപണിയിലുള്ള ഇടപെടൽ സപ്ലൈകോ, മാവേലി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഏതു പരിധിവരെ നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എ) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(1). നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിന് വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.

3). കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി /തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.

4). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5). ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ

വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7). പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

8). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9). സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10). ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്.

| | |
|---|---|
| (ബി) സപ്ലൈകോ പൊതുവിതരണ ഷോപ്പുകളിൽ കമ്പോളവിലയിൽ നിന്നും ഗണ്യമായ വിലക്കുറവില്ലാതെയാണ് പലവ്യഞ്ജനങ്ങൾ വിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. ഉഴുന്ന് (ബോൾ), വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായ 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% മുതൽ 35% വരെ വില കുറച്ചാണ് വിൽപ്പന നടത്തി വരുന്നത്. കൂടാതെ സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ പൊതു വിപണി വിലയേക്കാൾ 10% വരെ വിലക്കുറവിലാണ് വിൽപ്പന നടത്തി വരുന്നത്. |
| (സി) ഇതുമൂലം സപ്ലൈകോയിൽ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ? | (സി) ഇല്ല. |

Beena

സെക്ഷൻ ഓഫീസർ